**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1315** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വർക്കലയിൽ നിർമ്മിക്കുന്ന മൈതാനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** വർക്കലയിൽ കായികവകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ചുവരുന്ന മൈതാനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്നും, പ്രവർത്തിയുടെ പുരോഗതിയും വിശദമാക്കാമോ?

**<u>മറുപടി:</u>** വർക്കല നിയോജക മണ്ഡലത്തിൽ കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇലകമൺ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 07.03.2024 ൽ നൽകിയിരുന്നു. ആയത് പ്രകാരം 07.03.2024 തീയതിയിൽ സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. ഷിബു.ആർ എന്ന കരാറുകാരനുമായി 19.09.2024-ന് 83,06,890/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ 65% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**